# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 18**

---

ടീമുകളെ തിരഞ്ഞെടുത്തത് എം.ജി സർവകലാശാലയിൽ

## ലോക സർവകലാശാലാ ഹാൻഡ്ബോൾ; ഇന്ത്യയിൽനിന്ന് 36 അംഗ സംഘം

സ്പെയിനിലെ ആന്റിക്വറയിൽ നടക്കുന്ന ലോക സർവകലാശാലാ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ പുരുഷ വനിതാ ടീമുകൾ ജൂൺ 21ന് പുറപ്പെടും. അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസ് ചുമതലപ്പെടുത്തിയതിനെത്തുടർന്ന് മഹാത്മാ ഗാന്ധി സർകലാശാലയാണ് ടീം സെലക്ഷൻ നടത്തിയത്.

രാജ്യത്തെ നൂറോളം സർവകലാശാലകളിൽനിന്നുള്ള താരങ്ങൾ പങ്കെടുത്ത സെലക്ഷൻ ട്രയൽസിൽനിന്ന് 14 പേരെ വീതം ഇരു ടീമുകളിലേക്കും തിരഞ്ഞെടുത്തു. കോട്ടയത്ത് 20 ദിവസത്തെ പരിശീലനവും പുർത്തിയാക്കിയാണ് ഇവർ സ്പെയിനിലേക്ക് പോകുന്നത്.

ജൂൺ 24 മുതൽ 30 വരെ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ 36 അംഗ ഇന്ത്യൻ സംഘടത്തെ നയിക്കുന്നത് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസാണ്. പഞ്ചാബി സർവകലാശാലയിലെ ജസ്മീത് സിംഗും പഞ്ചാബിലെതന്നെ എൽ.പി സർവകലാശാലയിലെ ബിപിൻ പ്രീത് കൗറുമാണ് യഥാക്രമം പുരുഷ, വനിതാ ടീമുകളുടെ ക്യാപ്റ്റൻമാർ.

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ സംഘത്തിന് യാത്രയയ്പ്പ് നൽകി. വൈസ് ചാൻലർ ഡോ. സി.ടി അരവിന്ദകുമാർ ജഴ്സി പ്രകാശനം നിർവഹിച്ചു. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ കിറ്റ് കൈമാറി. ഡോ. ബിനു ജോർജ് വർഗീസ്, ടീം അംഗങ്ങൾ പരിശീലകർ തുടങ്ങിയവർ പങ്കെടുത്തു.

ടീമംഗങ്ങൾ: പുഷൻമാർ-ജസ്മീത് സിംഗ് (ക്യാപ്റ്റൻ), മൻദീപ്(ഇരുവരും പഞ്ചാബി സർവകലാശാല, പട്യാല), നിർമൽ സിറിയക്ക് (വൈസ് ക്യാപ്റ്റൻ),പി. റമീസ്, നന്ദു കൃഷ്ണ , ബിജോയ് ജോർജ്  (നാലു പേരും എം.ജി സർവകലാശാല), ടി. മുഹമ്മദ് ഫാരിസ്, എം. സവിധ്, ജീവൻ ജോസ് ജോജി  (കാലിക്കറ്റ് സർവകലാശാല ),ആർ.കെ. ഗോകുല കണ്ണ (ഭാരതീയാർ സർവകലാശാല കോയമ്പത്തൂർ ) ഗുർമീത് ( എൽ. പി സർവകലാശാല പഞ്ചാബ് ),  പി. ശരവണ പെരുമാൾ (പെരിയാർ സർവകലാശാല), ഹർപീത് സിംഗ് രൺധാവ ( ആർ.ടി.എം സർവകലാശാല, നാഗ്പുർ ), പരംജിത് ( കുരുക്ഷേത്ര യൂണിവേഴ്സിറ്റി, പഞ്ചാബ് ).

കോച്ച് :സി.എം ആൻറണി മത്തായി, മാനേജർ ഡോ. എൻ.കെ. റാംകുമാർ( സ്പോർട്സ് ഡയറക്ടർ എ.എം.ഇ.ടി സർവകലാശാല ചെന്നൈ).

വനിതകൾ ബിപിൻ പ്രീത് കൗർ (ക്യാപ്റ്റൻ),മഞ്ജിൽ (ഇരുവരും എൽപി സർവകലാശാല പഞ്ചാബ് ), പരമേശ്വരി(വൈസ് ക്യാപ്റ്റൻ), അമലോർപവ പ്രിൻസിയ(ഇരുവരും പെരിയാർ സർവകലാശാല), എം.എസ്. അർച്ചന, അർച്ചന വേണു, അഞ്ജു സാബു, വി.ആർ. അനുപമ(എം.ജി സർവകലാശാല ), അന്നു(കുരുക്ഷേത്ര യൂണിവേഴ്സിറ്റി, പഞ്ചാബ് ), ആഞ്ജലീന ജോൺ ( തിരുവള്ളുവർ സർവകലാശാല വെള്ളൂർ ), സന്ധ്യ, ഗരിമ (സിആർഎസ് സർവകലാശാല ജിൻഡ്) റീനുക, ഇഷു (സി.ബി.എൽ സർവകലാശാല ഭവാനി)കോച്ച്-ജോർജ് വർഗീസ്, മാനേജർ-ഡോ . സുമ ജോസഫ്.

*ഫോട്ടോ ക്യാപ്ഷൻ...*

സ്പെയിനിലെ ആന്റിക്വറയിൽ നടക്കുന്ന ലോക സർവകലാശാലാ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിനുള്ള ഇന്ത്യൻ ടീമുകളുടെ ജഴ്സി പ്രകാശനം മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു. രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, ടീം ക്യാപ്റ്റൻമാരായ ജസ്മീത് സിംഗ്, ബിപിൻ പ്രീത് കൗർ, ഡോ. ബിനു ജോർജ് വർഗീസ്, പരിശീലകരായ ജോർജ് വർഗീസ്, സി.എം. ആൻറണി മത്തായി എന്നിവർ സമീപം.

(പി.ആർ.ഒ/39/476/2024)

## കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സീനിയർ സോഫ്റ്റ് വെയർ ഡവലപ്പർ, കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികകളിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in) ഫോൺ-0481 2733541.
(പി.ആർ.ഒ/39/477/2024)

## ഓൺലൈൻ യോഗ പരിശീലനം

അന്താരാഷ്ട്ര യോഗ ദിനമായ ജൂൺ 21 ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ വിദ്യാർഥികൾക്കും, പൊതുജനങ്ങൾക്കും, യോഗപരിശീലകർക്കുമായി ഓൺലൈൻ യോഗ പരിശീലനം ആരംഭിക്കും.

ആഴ്ച്ചയിൽ രണ്ട് ദിവസം ഒരു മണിക്കൂർ വീതമുള്ള വരുന്ന പത്ത് ക്ലാസുകളുണ്ടാകും. ഫോൺ- 04812733399
(പി.ആർ.ഒ/39/478/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എസ്.ഡബ്ല്യു(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ

അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ ഫീൽഡ് വർക്ക്, വൈവ വോസി പരീക്ഷകൾ ജൂൺ 25 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/479/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എംഎ(സിഎസ്എസ് -2022 അഡ്മിഷൻ റഗുലർ ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ്, ജൂലൈ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ ഒന്നുവരെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് സമർപ്പിക്കാം.
..................

ഒന്നാം സെമസ്റ്റർ എം എസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്(സിഎസ്എസ്-2023 ഡ്മിഷൻ റഗുലർ-ഫാക്കൽറ്റി ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ് ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ ഒന്നുവരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
..................

ഒന്നാം സെമസ്റ്റർ സിബിസിഎസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്), ബിബിഎം(സപ്ലിമെന്ററി) ബിബിഎ, ബിസിഎ, ബിഎഫ്ടി,ബിഎസ്എം,ബിഎസ്ഡബ്ല്യു, ബിടിടിഎം മോഡൽ 3, ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ ഒന്നുവരെ ഓൺലൈനിൽ സമർപ്പിക്കാം

.........
ഒന്നാം സെമസ്റ്റർ സിബിസിഎസ് ബി.എ, ബികോം(മോഡൽ 1,2,3 -2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ ഒന്നുവരെ ഓൺലൈനിൽ സമർപ്പിക്കാം.
........

മൂന്നാം സെമസ്റ്റർ പിജിസി എസ്.എസ് എംഎ ഇക്കണോമിക്സ് (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജൂലൈ ഒന്നുവരെ ഓൺലൈനിൽ സമർപ്പിക്കാം

(പി.ആർ.ഒ/39/480/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**